പുതിയ ജില്ലകൾ

* 59 (226) ശ്രീ. സി.എം. കുട്ടി: താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലനാട് ജില്ല എന്ന് രൂപീകൃതമാകും:

(ബി) മലപ്പുറം ജില്ലയിൽ ഇനി ഏതെല്ലാം ഡിസ്ട്രിക്ട് ഓഫീസുകൾ കൂടി നിലവിൽ വരേണ്ടതുണ്ട്?

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്): (എ) അവസാന തീരുമാനം എടുത്തിട്ടില്ല.

(ബി) മലപ്പുറം ജില്ലയിൽ ഇനിയും സ്ഥാപിക്കേണ്ട ആഫീസുകൾ താഴെ പറയുന്നവയാണ്.

1. ഡിസ്ട്രിക്ട് ട്രഷറി ആഫീസ്
2. ഡിസ്ട്രിക്ട് അഗ്രിക്കൾച്ചറൽ ആഫീസ്
3. ഡിസ്ട്രിക്ട് വെറിനറി ആഫീസ്
4. ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ആഫീസ്
5. ഡിസ്ട്രിക്ട് സോയിൽ കൺസർവേഷൻ ആഫീസ്.
6. കോവാപ്പറേറ്റീവ് സൊസൈറ്റി ഡെപ്യൂട്ടി രജിസ്ട്രാർ ആഫീസ്
7. പബ്ലിക്ക് ഹെൽത്ത് ഇഞ്ചിനീയറിംഗ് എക്സിക്യൂട്ടീവ് എൻജിനീയറാഫീസ്.
8. ഡിസ്ട്രിക്ട് മജിസ്ട്രേട്ട് കോർട്ട്.
9. ഡിസ്ട്രിക്ട് കോർട്ട്
10. എക്സൈസ് അസിസ്റ്റൻറ് കമ്മീഷണറാഫീസ്.
11. ഡിസ്ട്രിക്ട് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ്.
12. ഡിസ്ട്രിക്ട് ഇൻഡിജീനസ് മെഡിക്കലാഫീസ്.
13. ഡിവിഷണൽ എംപ്ലോയ്മെൻറ് ആഫീസ്.

ശ്രീ. സി. എം. കുട്ടി: ഈ ആഫീസുകൾ സ്ഥാപിക്കാൻ താമസിക്കുന്നതിൻെറ കാരണം കെട്ടിടങ്ങളുടെ അഭാവമാണെന്നു മനസിലാക്കുന്നു. അവിടെയുള്ള എം. എസ്. പി. ആഫീസുകൾ ഹാഗു ബാരക്സിൽ മാറ്റിയിട്ടു താൽക്കാലികമായി ആഫീസുകൾ സ്ഥാപിക്കുകയും പിന്നീടു കെട്ടിടം ഉണ്ടാകുന്ന മുറക്ക് അവിടത്തേക്കു മാറ്റുന്നതിനുള്ള പ്രവർത്തനം തുടങ്ങുകയും ചെയ്തുകൂടേ?

ശ്രീ. കെ. ടി. ജേക്കബ്: എം. എസ്. പി. കാരുടെ കയ്യിലിരിക്കുന്ന ഏതാനും ചില ആഫീസുകൾ വിട്ടുതരണമെന്നു ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് കഴിഞ്ഞ ദിവസം ഞാൻ സ്ഥലം നേരിട്ടു പോയി സന്ദർശിക്കുകയുണ്ടായി. ചില ആഫീസുകൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. മൊയ്തീൻകുട്ടിഹാജി: പല ആഫീസുകളും അവിടെ സ്ഥാപിക്കുവാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് അടിയന്തിരമായി ഒരു സിവിൽ സ്റ്റേഷൻ ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജേക്കബ്: അടിയന്തിരമായി ചെയ്യാൻ കഴിയുമെന്നു തോന്നുന്നില്ലെങ്കിലും ആ കാര്യം ഗവൺമെൻറിന്റെ സജീവമായ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. ടി. എ. മജീദ്: മലനാട് ജില്ലയുടെ കാര്യം അവസാനതീരുമാനമായിട്ടില്ലെന്നു പറഞ്ഞു. അതേപ്പറ്റി അന്വേഷിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയോ? എപ്പോഴം തീരുമാനമുണ്ടാകുമെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: അതേപ്പറ്റി അന്വേഷണത്തിന് നിയോഗിച്ചിരുന്ന കമ്മിഷന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ആ റിപ്പോർട്ട് ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ട്. പക്ഷേ തീരുമാനം അവസാനമായി എടുത്തില്ലെന്നാണ് പറഞ്ഞത്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: മലപ്പുറം ജില്ലയിൽ ആഫീസുകം സ്ഥാപിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് സ്ഥലസൗകര്യമില്ലായ്മയാണ്. ഇന്നുതന്നെ അവിടെയുള്ള എം. എസ്. പി. ക്യാമ്പ് ക്യാരികുളപ്പുറം മുതലായ സ്ഥലങ്ങളിൽ മാറ്റിയാൽ ഇത്തരം ആഫീസുകം സ്ഥാപിക്കാൻ സൗകര്യപ്രദമാണെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ട് ഈ ആഫീസുകം സ്ഥാപിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: ആ സ്ഥലത്തെ സംബന്ധിച്ച് ഗവൺമെൻറ് നേരിട്ട് അന്വേഷണം നടത്തുകയും ആവശ്യമായ സൗകര്യങ്ങം ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മലനാട് ജില്ലയുടെ തലസ്ഥാനത്തെ സംബന്ധിച്ചു തീരുമാനിക്കാൻ നിശ്ചയിച്ചിരുന്ന കമ്മിഷന്റെ റിപ്പോർട്ട് കിട്ടിയെന്നു പറഞ്ഞു. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഈ ജില്ലാ രൂപീകരണത്തെ സംബന്ധിച്ച് അവസാന തീരുമാനമെടുക്കുന്നതിന് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ? എന്താണ് ഇതിൽ അവസാന തീരുമാനമെടുക്കാൻ കാലതാമസം?

ശ്രീ. കെ. ടി. ജേക്കബ്: ഈ ഗവൺമെൻറു വന്നതിനുശേഷം അതേസംബന്ധിച്ച് ആലോചിക്കാൻ സൗകര്യം ഉണ്ടായിട്ടില്ല. അതുകൊണ്ടാണ് ചെയ്യാതിരുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 31 മാസംകൊണ്ട് ചെയ്യാത്ത ഒരുപാട് കാര്യങ്ങം 31 ദിവസംകൊണ്ട് ചെയ്തുവെന്ന് അവകാശപ്പെടുന്ന ഈ ഗവൺമെൻറ് ഇതിനെ ഒരു അപ്രധാന കാര്യമായി കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: 31 ദിവസത്തേയോ 31 മാസത്തേയോ അടിസ്ഥാനമാക്കിയല്ല ഇത്തരം കാര്യങ്ങളിൻമേൽ തീരുമാനമെടുക്കുന്നത്. പല പരിഗണനകളുമുള്ള ഒരു പ്രധാനപ്പെട്ട കാര്യമായതുകൊണ്ട് 31 ദിവസമോ, 31 മാസമോ എന്നുള്ളതിന്റെ പട്ടികയിൽ ഇതിനെ പെടുത്താൻ സാധിക്കുകയില്ല.

ഡാ: ജോർജുതോമസ്: രണ്ടു ജില്ലകം രൂപീകരിക്കണമെന്ന ആവശ്യം ഏതാണ്ട് ഒരേ അവസരത്തിലാണ് വന്നത്. ഒരു ജില്ല രൂപീകരിച്ചിട്ട് വർഷങ്ങളായെന്ന് എനിക്കു തോന്നുന്നു. എന്നിട്ടും മലനാടു ജില്ല രൂപീകരണതീരുമാനം താമസിപ്പിച്ചുകൊണ്ടു പോകുന്നത് എന്തുകൊണ്ടാണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജേക്കബ്: താമസിക്കുന്നത് പ്രത്യേക ഉദ്ദേശം കൊണ്ടൊന്നുമല്ല. പല കാര്യങ്ങളെ സംബന്ധിച്ചും പരിഗണിക്കേണ്ടതുണ്ട്. സാമ്പത്തികബാധ്യത ഉൾക്കൊള്ളുന്ന പ്രശ്നമാണ്. മലപ്പുറം ജില്ല രൂപീകരിച്ചിട്ട് ഇപ്പോഴും പ്രസ്താവിക്കപ്പെട്ടതുപോലെ പല ആഫീസുകൾക്കും കെട്ടിടം ഇല്ല. അതുകൊണ്ട് മലനാടുപോലുള്ള ജില്ല ഇപ്പോഴും വളരെവേഗം രൂപീകരിച്ചാൽ അതൊക്കെ പ്രായോഗികമായി നടത്തുന്നതിനുള്ള വൈഷമ്യം കാര്യമായി പരിഗണിക്കേണ്ടതാണെന്നുള്ളതുകൊണ്ടാണ് തീരുമാനമെടുക്കാൻ താമസിക്കുന്നത്.

ശ്രീ. ജോർജ് ജുതോമസ്: എന്റെ ഓർമ്മ ശരിയാണെങ്കിൽ ഈ രണ്ടു ജില്ലകളും ഗവൺമെന്റു തത്വത്തിൽ അംഗീകരിച്ചതാണ്. അങ്ങനെ തത്വത്തിൽ അംഗീകരിച്ചപ്പോഴും സാമ്പത്തികമായ ബാദ്ധ്യത കണക്കിലെടുത്തിട്ടില്ലെന്നാണോ മനസിലാക്കേണ്ടത്?

ശ്രീ. കെ. ടി. ജേക്കബ്: തത്വത്തിൽ ഗവൺമെന്റ് ഇക്കാര്യം അംഗീകരിച്ചിരിക്കുകയാണ്. പ്രായോഗികമായ വശത്തെ സംബന്ധിച്ചിടത്തോളം വളരെ കാര്യങ്ങളും ചെയ്യേണ്ടതുണ്ട്. എന്നുള്ളതുകൊണ്ടാണ് കുറെ താമസം നേരിടുന്നത്.

ശ്രീ. എം. എം. തോമസ്: മലനാടു ജില്ലയും മലപ്പുറം ജില്ലയും രൂപീകരിക്കുമെന്ന് കഴിഞ്ഞതിന്റെ മുമ്പത്തെ പ്രാവശ്യം ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞതാണ്. അതിനുശേഷം അന്നത്തെ റവന്യൂമന്ത്രി ആവർത്തിച്ചാവർത്തിച്ചു മലനാടുജില്ലയും രൂപീകരിക്കുമെന്ന് പറഞ്ഞതാണ് ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട റവന്യൂമന്ത്രിയും മലനാടുജില്ല രൂപീകരിക്കുമെന്നു പറഞ്ഞു. മുമ്പു മെമ്മോറാണ്ടം കൊടുത്ത മന്ത്രിമാരും ഈ മന്ത്രിസഭയിൽ ഉണ്ട്. ഇതൊക്കെയാണെങ്കിലും കാര്യങ്ങൾ കോഴിക്കു മുലവരുന്നതുപോലെ നീണ്ടുപോവുകയാണ്. മലനാട്ടിലുള്ളവരെ കോത്താഴത്തുകാരാക്കാതെ ഈ ജില്ല അടിയന്തിരമായി അനുവദിക്കണമെന്നകാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: ശ്രദ്ധിക്കുമെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. ഈ കാര്യം തത്വത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതിൽ നടപടികൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമെന്ന് പറഞ്ഞുകഴിഞ്ഞു.

ശ്രീ. കെ. കരുണാകരൻ: ജില്ലാരൂപീകരണം കടലാസിൽ മാത്രം കാണുന്ന ഏർപ്പാട് നിർത്തിയിട്ട് കാർഷിക വകുപ്പ്, കോവാപ്പറേറീവു ഡിപ്പാർട്ടുമെന്റ് മുതലായി ജനങ്ങൾക്ക് ഉപകാരപ്രദമായ ആഫീസുകൾ സ്ഥാപിച്ച് അവ പ്രാവർത്തികമാക്കത്തക്കവണ്ണം ജില്ലാ രൂപീകരണത്തിനുള്ള ഏർപ്പാട് സ്വീകരിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. ഇതൊക്കെ വികാരപരമായ അടിസ്ഥാനത്തിൽ പെട്ടെന്ന് ഓർഡർ ഇട്ട് വേണമെങ്കിൽ ചെയ്യാം. 31 മാസത്തിനകമല്ല, 31 ദിവസം കൊണ്ടുതന്നെ ചെയ്യാൻ കഴിയും. എന്നാൽ അതിലെ ബുദ്ധിമുട്ടുകളൊക്കെ അനുഭവിക്കേണ്ട ആളുകളെ സംബന്ധിച്ചിടത്തോളം പ്രത്യേക പരിഗണന ഉള്ളതുകൊണ്ട് ഇതൊക്കെ രാജ്യത്തിന്റെ ഉത്തമ താൽപര്യങ്ങൾക്കനുസരണമായിട്ടു കൈകാര്യം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി ഇപ്പുറത്തായിരിക്കുമ്പോഴും സാഹസികമായ ചോദ്യങ്ങളും ചോദിക്കുന്നതുപോലെ ഇപ്പോഴും സാഹസികമായ മറുപടി പറയുന്നത് ഖേദകരമാണ്. അങ്ങുതന്നെ.....

(ശ്രീ. അഹമ്മദ്, അബൂബേക്കർ, രാമലിംഗം മുതലായവർ എഴുന്നേറ്റു നിന്ന് ബഹളം വയ്ക്കുന്നു).

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സാഹസികമായ ചോദ്യം ചോദിച്ചു എന്നാണ് പറഞ്ഞത്. അതിൽ.....

ശ്രീ. കെ. ടി. ജേക്കബ്: ശ്രീ. രാമകൃഷ്ണൻ പറഞ്ഞത് ഞാൻ നല്ല സ്പിരിറ്റിൽതന്നെ എടുക്കുന്നു. ഇക്കാര്യം ഗവൺമെന്റ് അതർഹിക്കുന്ന പ്രാധാന്യത്തോടുകൂടി പരിഗണിക്കുന്നു എന്നാണ് ഞാൻ പറഞ്ഞതിന്റെ ഉദ്ദേശം. ഇതിനുമുമ്പ് സാഹസികമായി ചോദിച്ചു, ഇപ്പോഴും സാഹസികമായി മറുപടി പറയുന്നു എന്നൊക്കെ പറഞ്ഞാൽ ഇതു സാഹസികതയുടെ പ്രശ്നമല്ല. ഇതിനെ സംബന്ധിച്ച് ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഇതുപോലുള്ള ഒരു പ്രശ്നത്തിന് തീരുമാനമുണ്ടായി നടപ്പാക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർ ആഗ്രഹിക്കുന്നത് നല്ലതാണെങ്കിലും അതിനുള്ള അവസരം കിട്ടിയിട്ടില്ലെന്നുള്ള വസ്തുത സത്യസന്ധമായിത്തന്നെ തുറന്നു പറയുകയാണ്. അല്ലാതെ ഒഴിഞ്ഞുമാറുകയല്ല.

ശ്രീ. കെ. കെ. അബു: ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി പ്രായോഗികതയെക്കുറിച്ചും സാമ്പത്തികനിലയെക്കുറിച്ചും പരിഗണിക്കേണ്ടതുണ്ടെന്ന്. ഒരു ജില്ല രൂപീകരിക്കുന്നതിനു തിരഞ്ഞെടുക്കപ്പെടുന്നതിനു തീരുമാനിക്കുന്നതിനു മുമ്പല്ലേ ഇത്തരം കാര്യങ്ങൾ തീരുമാനിക്കേണ്ടത്. തീരുമാനിച്ചതിനുശേഷം ഈ പ്രായോഗികവശത്തെക്കുറിച്ച് ചിന്തിക്കുന്നത് ന്യായമാണോ, ശരിയാണോ?

ശ്രീ. കെ. ടി. ജേക്കബ്: മലനാടു ജില്ലാരൂപീകരണത്തിനു തീരുമാനിച്ചതായി ഫയലിലൊന്നും ഞാൻ കാണുന്നില്ല. അതു പരിഗണിക്കുമെന്ന തരത്തിലല്ലാതെ ഫയലിലൊക്കെ പരിശോധിച്ചിട്ട് യാതൊരു ഡിസിഷനും ഗവൺമെന്റ് എടുത്തിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടില്ല. ഇത് രൂപീകരിക്കുന്നതാണെന്ന് അഷ്വറൻസ് കൊടുത്തിട്ടുള്ളതായി സമ്മതിക്കുന്നു. ഇത് ഡീറെയിലായിട്ട് പരിശോധിക്കേണ്ടതുണ്ട്. ഒരു റിപ്പോർട്ട് വന്നിട്ടുണ്ട്. എന്തെല്ലാമാണ് ഫൈനലായി ചെയ്യേണ്ടതെന്ന് ഡീറെയിലായിട്ട് നോക്കേണ്ടതുണ്ട്. ഗവൺമെന്റ് തീരുമാനിച്ചു എന്നു പറയുന്ന കാര്യം ഫയലിൽ കാണുന്നില്ല. ഗവൺമെന്റിന്റെ മുമ്പിൽ സജീവമായി വന്ന പ്രശ്നമെന്ന നിലയിൽ മാത്രമേ കാണുന്നുള്ളൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: മലനാടുജില്ലാ രൂപവൽക്കരണത്തെ സംബന്ധിച്ച് ഈ സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ എന്തെങ്കിലും തുക കൊള്ളിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണെന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. ടി. ജേക്കബ്: പരിശോധിച്ചേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. വി. എബ്രഹാം: മലനാടു ജില്ല രൂപവൽക്കരണ പ്രശ്നത്തിൽ മുൻഗവൺമെന്റിന്റെ നയവുമായി വല്ല യോജിപ്പുമുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. ബാലകൃഷ്ണൻ: മലനാടുജില്ല രൂപീകരിക്കാൻ തത്വത്തിൽ തീരുമാനിച്ചു എന്നു പറഞ്ഞു. അതിന്റെ ഹെഡ്ക്വാർട്ടേഴ്സ് എവിടെയാണെന്നകാര്യം തീരുമാനിക്കപ്പെട്ടുകഴിഞ്ഞോ; റിപ്പോർട്ടു ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: മലനാടു ജില്ല രൂപീകരണത്തിൽ അവസാന തീരുമാനമായിട്ടില്ലാത്ത സ്ഥിതിക്ക് ആ സ്ഥാനം എവിടെയാണെന്നു തീരുമാനമായിട്ടില്ല.

ശ്രീ. കെ. ഐ. രാജൻ: ഈ ജില്ല രൂപീകരിക്കുമെന്ന് ഉറപ്പുതരാൻ സാധിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: അതു ഞാൻ പറഞ്ഞു കഴിഞ്ഞല്ലോ. ഗവൺമെന്റ് സജീവമായി പരിഗണിക്കുമെന്നും പരിഗണിച്ചുവരുകയാണെന്നും പറഞ്ഞുകഴിഞ്ഞു.

ശ്രീ. കെ. ഐ. രാജൻ: പുതിയ ജില്ല രൂപം കൊള്ളുമെന്ന് ഉറപ്പുതരാൻ കഴിയുമോ എന്നാണ് ചോദ്യം?

ശ്രീ. കെ. ടി. ജേക്കബ്: രൂപംകൊള്ളുമെന്നാണ് പറഞ്ഞത്.

ശ്രീ. കെ. കെ. അബു: തീരുമാനിക്കപ്പെട്ട ജില്ലക്കുവേണ്ടി ബഡ്ജറ്റിൽ എന്തു തുക നീക്കിവച്ചിട്ടുണ്ടെന്നുചോദിച്ചപ്പോൾ പരിശോധിക്കണമെന്നു പറഞ്ഞതിന്റെ ന്യായമെന്താണ്?

ശ്രീ. കെ. ടി. ജേക്കബ്: ബഡ്ജറ്റു വരുന്നതേയുള്ളു. അതിൽ വരുമോ എന്നു പരിശോധിക്കേണ്ടതുണ്ട്.

ശ്രീ. ജോർജ് തോമസ്: ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരമെല്ലാം കൂടി നോക്കിയാൽ മലനാടു ജില്ലാ രൂപീകരണം സന്നിഗ്ദ്ധമാണെന്നു തോന്നുന്നു. അതുകൊണ്ട് ഈ ജില്ലാ രൂപീകരണത്തിന് ഒരു അഷ്വറൻസുകൂടി തരാൻ ബഹുമാനപ്പെട്ടമന്ത്രി തയ്യാറാകുമോ ഈ അവസരത്തിൽ?

ശ്രീ. കെ. ടി. ജേക്കബ്: അഷ്വറൻസിന്റെ ആവശ്യം പ്രത്യേകിച്ചുണ്ടെന്നു തോന്നുന്നില്ല. കാരണം മുൻ ഗവൺമെന്റ് കമ്മിറ്റ് ചെയ്തതാണ്. വളരെയധികം നടപടികളും നടന്നിട്ടുണ്ട്. കാര്യങ്ങളെല്ലാം അവസാനമായി നിശ്ചയിച്ചു നടപ്പാക്കേണ്ട പ്രശ്നമേയുള്ളൂ. ഇതിനെസംബന്ധിച്ച് ഗവൺമെന്റ് അഭിമുഖീകരിക്കേണ്ട പ്രശ്നത്തെസംബന്ധിച്ചാണ് സൂചിപ്പിച്ചത്. ഈ പറഞ്ഞതെല്ലാം അഷ്വറൻസാണെന്നുതന്നെയാണ് കരുതുന്നത്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: നാട്ടിന്റെ പിന്നോക്കാവസ്ഥയെ ഇല്ലാതാക്കി തീർക്കാൻവേണ്ടി പിന്നോക്കമായി കിടന്ന രണ്ടു പ്രദേശങ്ങളും പുതിയ ജില്ലയാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മുൻഗവൺമെന്റ് എടുത്ത ഒരു നടപടിയനുസരിച്ച് മലപ്പുറം ജില്ലയുടെയും മലനാടു ജില്ലയുടെയും കാര്യങ്ങളും അന്വേഷിക്കാൻ ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കുകയും ആ സ്പെഷ്യൽ ആഫീസറുടെ റിപ്പോർട്ടനുസരിച്ച് മലപ്പുറം ജില്ല രൂപീകരിക്കുകയും ചെയ്തു. അതിനുശേഷം മലനാടുജില്ലയെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യലാഫീസർ അതിന്റെ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മേലുള്ള പ്രവർത്തനം ഗവൺമെന്റ് വരുന്ന സാമ്പത്തികവർഷത്തിലെങ്കിലും പൂർത്തിയാക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: സ്പെഷ്യലാഫീസറെ നിയമിച്ചത് ഇതു സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കാനാണ്. അദ്ദേഹം അതു തയ്യാറാക്കി ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ട്. ഇനിയും അങ്ങനെയൊരു സ്പെഷ്യലാഫീസറെ ഈ ആവശ്യത്തിനുവേണ്ടി നിയമിക്കുന്ന പ്രശ്നമേയില്ല.

ശ്രീ. വി. കുട്ടിക്കൃഷ്ണൻനായർ: പുതിയ ബ്ലോക്ക്കം താലൂക്കുകം രൂപീകരിച്ചു നടപ്പിൽ വരുത്താനുള്ള താമസമെന്താണ്; മലനാടു ജില്ലയുടെ രൂപീകരണത്തിന്റെപേരിലാണോ താമസം വന്നിട്ടുള്ളത്?

ശ്രീ. കെ. ടി. ജേക്കബ്: അതു തമ്മിൽ യാതൊരു ബന്ധവുമില്ല. അത് മറ്റൊരു പ്രശ്നമാണ്. അതും ഗവൺമെന്റിന്റെ പരിഗണനയിലുണ്ടെന്നേ ഈ സഭയിൽത്തന്നെ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. അത് അങ്ങനെതന്നെ നിൽക്കുന്നു; കൂടുതലായിട്ടൊന്നും കൈകാര്യം ചെയ്യുന്നില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: പുതുതായിട്ട് ജില്ലാ ഉണ്ടാക്കുന്ന അവസരത്തിൽ കെട്ടിടം, ആഫീസുകളുടെ ആവശ്യം മുതലായവക്കുമാത്രമായിട്ട് എന്തു മാത്രം ചെലവുവരും; വർഷംതോറും കൊടുക്കേണ്ട റെക്കറിംഗ് ചെലവ് എത്ര കോടി രൂപ വരുമെന്നു പറയാമോ?

ശ്രീ. കെ. ടി. ജേക്കബ്: അതിനെസംബന്ധിച്ചുള്ള പൂർണ്ണമായ വിവരമൊന്നും ഇപ്പോഴം ഗവൺമെന്റിന്റെ കൈയിൽ ഇല്ല.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഞാൻ ചോദിച്ച ചോദ്യം നേരത്തെയുള്ള സ്പെഷ്യലാഫീസറുടെതന്നെ റിപ്പോർട്ട് പരിശോധിച്ച് വേണ്ട നടപടികം എടുക്കുമോ എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോഴം പുതിയ സ്പെഷ്യലാഫീസറെ നിയമിക്കുന്നില്ലെന്നു പറഞ്ഞു. ആദ്യത്തെ സ്പെഷ്യലാഫീസർതന്നെ ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടു വളരെ വേഗത്തിൽ ആവശ്യമായ നടപടികം എടുത്ത് സ്വീകരിക്കുമോ എന്നാണ് ചോദിച്ചത്?

ശ്രീ. കെ. ടി. ജേക്കബ്: ഈ സാമ്പത്തികവർഷത്തിൽ എന്തായിരുന്നാലും അതു പൂർത്തിയാക്കാൻ കഴിയുമെന്നു തോന്നുന്നില്ല. പ്രാരംഭമായി കാര്യങ്ങം ചെയ്യുന്നതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ടി. കെ. കൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പരസ്പരവിരുദ്ധമായി തോന്നുകയാണ്. ഒരു മറുപടിയിൽ അദ്ദേഹം പറയുകയുണ്ടായി, ഇതിനെസംബന്ധിച്ച് യാതൊരു ഫയലും കണ്ടിട്ടില്ലെന്ന്. മറ്റൊരു മറുപടിയിൽ എല്ലാ നടപടികളും എടുത്തു കഴിഞ്ഞിട്ടുണ്ടെന്നു പറയുകയുണ്ടായി. ഇതിൽ ഏതാണ് വിശ്വസിക്കേണ്ടത്?

ശ്രീ. കെ. ടി. ജേക്കബ്: ഫയൽ കണ്ടിട്ടില്ലെന്നു പറഞ്ഞിട്ടില്ല. കണ്ട ഫയലിൽ അവസാന തീരുമാനം എടുത്തതായി രേഖപ്പെടുത്തിയിട്ടില്ലെന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: ഇങ്ങനെയുള്ള പ്രശ്നങ്ങളെസംബന്ധിച്ചിടത്തോളം തൊട്ടുതൊട്ടില്ല എന്ന നിലക്കേ നിൽക്കാൻ ഒക്കുകയുള്ളൂ. കൃത്യമായിട്ട് പറയാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഗണപതി: സർ, இந்த இரண்டு ஜில்லாவும் ஒரே சமயத்தில் ஏற்படுத்தப்படும் என்று வாக்களித்தும் பராபட்சமாக மலேநாடு ஜில்லா ஏற்படுத்தாமலிருப்பதால் 1970 டிசம்பருக്കുള്ള് ഏற്படുത്തപ്പെടും എന്നു ഉറപ്പു കൂടലാമാ അല്ലതു മുടിയാതു എന്നു കൂടലാമാ?

ശ്രീ. കെ. ടി. ജേക്കബ്: ജില്ല വേണ്ടന്നു പറഞ്ഞിട്ടില്ല. വേണമെന്നാണു പറഞ്ഞിട്ടുള്ളത്. ഇതിനുവേണ്ടി ചില നടപടികളും എടുത്തിട്ടുണ്ട്.

ശ്രീ. ജോർജ് തോമസ്: തൊട്ടുതൊട്ടില്ല എന്നു പറഞ്ഞതുകൊണ്ടാണ് കൂടുതൽ ചോദ്യങ്ങളും ചോദിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്ക് അങ്ങനെ വേണമെന്നുണ്ട്. പക്ഷേ ഗവൺമെന്റ് എന്ന നിലക്ക് അങ്ങനെ കയറിപ്പോകാനും നിവൃത്തിയില്ല.

WRITTEN ANSWERS

*60 (232) ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ ക്കാണുന്ന ചോദ്യങ്ങൾക്കു ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടിനൽകുമോ:

(എ) ഹരിജനങ്ങൾക്ക് വ്യവസായങ്ങളും തുടങ്ങുവാനും മറ്റു സഹായങ്ങളും നൽകുവാനുമായി ഒരു ഫൈനാൻസ് കോർപ്പറേഷൻ രൂപീകരിക്കുവാൻ ഗവൺമെന്റു ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനങ്ങളും ഘടനയും എന്തായിരിക്കുമെന്നു വിശദീകരിക്കാമോ;

(സി) ഈ കോർപ്പറേഷൻ എന്നാണ് നിലവിൽവരിക?

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ:)

(എ) ഉദ്ദേശിക്കുന്നുണ്ട്?

(ബി) ഈ കാര്യങ്ങളും ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

Unstarred Questions and Answers

അഴിമതി ആരോപണങ്ങൾ

*32 (248) ശ്രീ. വി. ശ്രീധരൻ:
ശ്രീ. സി. കെ. ബാലകൃഷ്ണൻ
ശ്രീ. എസ്. ദാമോദരൻ,
ശ്രീ. പി. കെ. കുഞ്ഞച്ചൻ,
ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള,
ശ്രീ. എൻ. പ്രഭാകരത്തണ്ടാർ,
ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടിനൽകുമോ;

(എ) അഗ്രികൾച്ചറൽ ഡയറക്ടർ ഡാ: എം. എസ്. നായരുടെ പേരിൽ ഉള്ള ഗുരുതരമായ അഴിമതി ആരോപണങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly